# പള്ളികഥകൾ

## മിനികഥകൾ നാല്പത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ സാധാരണയായി ആളുകളെ വിലയിരുത്തുന്നത് പല വിധത്തിലാണ്. അത് പണ്ഡിതനായാലും പാമരനായാലും, കുബേരനായാലും കുചേലനായാലും, പുരോഹിതനായാലും ചണ്ഡാളനായാലും ശരി. മിടുക്കൻ, മിടുമിടുക്കൻ, ബഹുമിടുക്കൻ, അതിമിടുക്കൻ അങ്ങിനെ പലവിധത്തിലാണ് വേർതിരിക്കാറുള്ളത്.

### മിടുമിടുക്കൻ

അമേരിക്കയിലുള്ള ജോസഫച്ചന്റെ ഏറ്റവും അടുത്തായ ഒരു സുഹൃത്തച്ചന്റെ പള്ളിയിൽ വളരെ വഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവമാണിത്. ചെറിയാൻ വഗ്ഗീസച്ചൻ വിവാഹം കഴിച്ചിട്ട്, പട്ടം കിട്ടിയിട്ട് വളരെ വഷങ്ങളായില്ല. ഈ സംഭവം നടക്കുന്ന സമയം വെരെ അദ്ദേഹത്തിന് മക്കളും ഇല്ലായിരുന്നു.

ആ സമയത്തായിരുന്നു സഭയിലെ എഴുപതുവയസു പ്രായമുള്ള വേദപണ്ഡിതന്മാരിലഗ്രഗണ്യന്മാരിലൊരാളായിരുന്ന ഒരു സീനിയർ മെത്രാച്ചൻ എഴുന്നള്ളിയത്. വേദപുസ്തകത്തിന്റെ ആദ്യാന്ത്യം മനപ്പാഠമാണ് ഇദ്ദേഹത്തിന്. അദ്ദേഹത്തിന്റെ പ്രസംഗം പ്രസിദ്ധമാണ്. അദ്ദേഹം പ്രസംഗിക്കുമ്പോൾ ഒരുത്തരുംനിദ്രയ്ക്കടിമപ്പെടാറില്ല. പ്രസംഗത്തിന്റെഉദയാസ്തമനം വെരെ സരസ വിജ്ഞാന പ്രദമാണ്. കേൾവിക്കാർഎപ്പോഴും ചിരിച്ചുകൊണ്ടിരുന്നാൽ ആക്കെങ്കിലും നിദ്രാദേവിയെ പുൽകാൻ സാധിക്കുമോ! മറ്റിതര സഭകളിലെ ആരെങ്കിലും തക്കിക്കാൻ വന്നാൽ അവരെ വേദപുസ്തക വാക്യാ വിജ്ഞാനത്തിലൂടെ പരാജിതരാക്കി ഓടിച്ചു കളയും.

പ്രസംഗമല്ലാതെ തന്നെ അദ്ദേഹവുമായി ആരെങ്കിലും സംഭാഷണത്തിലേപ്പെട്ടാൽ, അവക്ക് അദ്ദേഹത്തിന്റെ വാക്ധോരണിയിൽ നിന്നും പിരിഞ്ഞു പോകാൻ സാധിക്കത്തില്ല. അത്ര സരസ്സസാമ്രാട്ടാണദ്ദേഹം. എന്നാൽ അദ്ദേഹത്തിന്റെ വിശുദ്ധ കുബ്ബാന കേൾക്കാൻ അത്ര ഇമ്പമുള്ളതല്ലങ്കിലും ക്രമങ്ങളും കാര്യങ്ങളും എല്ലാം നൂറു ശതമാനം ഉത്തമമായിട്ടുള്ളതാണ്. തന്മൂലം പഴമക്കാക്ക് അദ്ദേഹത്തിന്റെ ആരാധനയിൽ വളരെ കമ്പമുള്ളവരായിരുന്നു. അതുപോലെ പുത്തൻ പാതിരിമാക്ക് അദ്ദേഹത്തിന്റെ സാനിധ്യത്തിൽ വിശുദ്ധ കുബ്ബാന അപ്പിക്കാൻ ഭയമുള്ളതുകൂടാതെ അദ്ദേഹത്തെ കാണുമ്പോൾ തന്നെ ഭയം ഉണ്ടാകുമായിരുന്നു.

അദ്ദേഹത്തിന്റെ സിനിധ്യത്തിൽ ആരെങ്കിലും വിശുദ്ധ കുബ്ബാന അപ്പിക്കുമ്പോൾ എന്തെങ്കിലും അല്പമോ അധികമോ തെറ്റുകൾ വരുത്തിയാൽ, അത് ചൊല്ലിലായാലും കൈക്രിയകളിലായാലും അന്നേരം തന്നെ, ആരാധന അവിടെ നിത്തിച്ചിട്ട് തെറ്റ് തിരുത്തിയിട്ടേ മുമ്പോട്ടു പോകാൻ അനുവദിക്കുകയുള്ളു; അതിൽ യാതൊരു മുഖപക്ഷവും നോക്കാറില്ല.

ഒരിക്കൽ ഡൽഹിയിൽ ഇന്ത്യൻ പ്രസിഡണ്ടിന്റെ നല്ല അദ്ധ്യാപകന്റെ അവാഡു വാങ്ങാൻ കേരളത്തിൽ നിന്ന് വന്ന ഒരച്ചൻ ഇദ്ദേഹത്തിന്റെ മുൻപിൽ ചെന്നു പെട്ടു. അന്ന് ഡൽഹിയിൽ ഓത്തഡോക്സുകാക്ക് ഒരൊറ്റ ദേവാലയമേ ഉണ്ടായിരുന്നുള്ളു. ഈ മെത്രാച്ചനും സന്ദഭവശാൽ അവിടെ ചെന്നു ചേന്നതായിരുന്നു. മെത്രാച്ചൻ അവിടെ ഉണ്ടല്ലോ, അദ്ദേഹം വിശുദ്ധ കുബ്ബാന ചൊല്ലുമല്ലോ എന്നുകരുതി. മെത്രാച്ചൻ വളരെയധികം തിരക്കിൽ വളരെ സ്ഥലങ്ങൾ സന്ദശിച്ചശേഷം വന്നതായതുകൊണ്ട് വളരെ ക്ഷീണിതനുമായിരുന്നു. കാലത്ത് മെത്രാച്ചൻ ഈ അച്ചനോട് കുബ്ബാന ചൊല്ലാൻ ആവശ്യപ്പെട്ടു. ആ അച്ചന്റെ ചൊല്ല് തീരെ മോശമാണ്. അദ്ദേഹത്തോടെ വ്യക്തിപരമായ സ്നേഹബഹുമാനമുള്ളവർ അത് സഹിച്ച് പൊയ്ക്കൊണ്ടിരുന്നു. ഇന്ത്യൻപ്രസിഡണ്ടിന്റെടുക്കൽ നിന്ന് സമ്മാനം വാങ്ങാൻ വന്ന അച്ചനെ കൊച്ചാക്കണമെന്നും ഒരുപക്ഷേ മെത്രാച്ചനുംകരുതികാണണമായിരിക്കാം. ഈ അച്ചന്റെ ചൊല്ല് വളരെ മോശമാണെന്ന് മെത്രാച്ചനുമറിയാം. മെത്രാച്ചൻ കല്പിച്ചതനുസരിക്കാതിരിക്കാൻ വയ്യാത്ത അവസ്ഥയിലായി. എന്തെങ്കിലും ഉപാധികൾ പറഞ്ഞ് ഒഴിഞ്ഞ് മാറാൻ വയ്യാത്ത അവസ്ഥയിലായി. എന്തായാലും അച്ചൻ വളരെ ശ്രദ്ധിച്ച് സാവകാശം ആരാധന പൂത്തിയാക്കി. ചൊല്ലു മുഴുവനും വിറയലോടും വിക്കലോടും കൂടിയായിരുന്നത് വളരെ ഭക്തിനിഭരമായിരുന്നെന്ന് ഭക്തജനങ്ങൾ ധരിച്ചു.

''എല്ലാം നന്നായിരുന്നു. എനിയ്ക്കിഷ്ടപ്പെട്ടു. ട്യൂൺ നമ്മുടെ കയ്യിലല്ലോ; എന്നാലും അച്ചൻ വളരെ പരിശ്രമിച്ചു'' ആരാധനയെല്ലാം കഴിഞ്ഞപ്പോൾ മെത്രാച്ചൻ അദ്ദേഹത്തെ അഭിനന്ദിച്ചു. അങ്ങിനെ വളരെ അപൂവ്വമായ ഒരു കാര്യമായിരുന്നു. എന്നാൽ നമ്മുടെ അച്ചൻ വിയത്ത്കുളിച്ചതു കൂടാതെ പാന്റും അടിവസ്ത്രവുമെല്ലാംമലമൂത്രാദികളാൽമലിനമായിപ്പോയി. ഡൽഹിയിലെ അതിഭയങ്കര ഉഷ്ണത്തിൽ അംശവസ്ത്രം കൂടെ ധരിച്ചാൽ ആരും വിയത്തു പോകും. ആരാധന നടത്താൻ മെത്രാച്ചൻ കല്പിച്ചപ്പോൾ മുതൽ ഈ അച്ചൻ കണ്ണീരോടുകൂടെ പ്രാത്ഥിക്കുന്നുണ്ടായിരുന്നു ''എന്റെ കത്താവേ ഈ ജനങ്ങളുടെ മുൻപിൽ ഞാൻ അപമാനിതനാകരുതേയെന്ന്.

ഈ മെത്രാച്ചൻ അമേരിക്കയിലേക്ക് വരാൻ നേരം അനുഭവസ്ഥർ പറഞ്ഞു ''ഇന്റർനാഷനൽ ഫ്ലൈറ്റിന് രണ്ടു മണക്കൂർ മുൻപായി വിമാനത്താവളത്തിൽ എത്തിച്ചേരണ''മെന്ന് ''താൻ എന്നെ പഠിപ്പിക്കേണ്ടാ, ഞാൻ ഈ സഭയിലെ ഒരു സീനിയർ മെത്രാപ്പോലീത്തായാണ്, ഞാൻ പറയുന്നതു കേട്ട് താൻ അനുസരിച്ചാൽ മതി''. എന്തായാലും വിമാനം പുറപ്പെടുന്നതിന് ഏകദേശം അരമണിക്കൂർ മുൻപായി മാത്രമാണ് അദ്ദേഹം വിമാനത്താവളത്തിൽ എത്തിച്ചേന്നത്. കേരളത്തിലെ വിമാനത്താവളത്തിലുള്ളവക്ക് ഇദ്ദേഹത്തെ അറിയാവുന്നതു കൊണ്ട് വലിയ കുഴപ്പം കൂടാതെ അദ്ദേഹത്തിന് വിമാനത്തിൽ കയറി പറ്റാൻ സാധിച്ചു. സാധാരണ എവിടെ ചെല്ലാൻ ഏറ്റാലും അരമണിക്കാർ താമസിച്ചു മാത്രമേ ഇദ്ദേഹം അവിടെ ചെല്ലാറുള്ളു. അമേരിക്കയിലേക്ക് ആദ്യമായി പോകുന്നതായതുകൊണ്ട് സഭയിലെ തന്നെ സ്വല്പം പ്രായമുള്ളതുംഅമേരിക്കയിലെ ഒരുസീനിയർ സിറ്റിസണ്ണിന്റെ കൂടെയായിരുന്നു മെത്രാച്ചന്റെ യാത്ര ക്രമീകരിച്ചിരുന്നത്. നിവത്തിയുണ്ടെങ്കിൽ ഈ കുരിശ് എന്നിൽ നിന്ന് ഒഴിവാക്കണമെന്നദ്ദേഹം ആഗ്രഹിച്ചെങ്കിലും സാധിച്ചില്ല. മെത്രാച്ചന്റെ സ്വഭാവം ഏറെകുറെ അറിയാമായിരുന്നതുകൊണ്ട് അയാൾ ഒന്നും വത്തമാനം പറയാതെ രണ്ടിടത്ത് പ്ലയിൻ മാറിക്കയറി അവർ അമേരിക്കയിൽ എത്തിച്ചേന്നു. അവിടെ മെത്രാച്ചന്റെ പെട്ടികൾ ഒന്നും കിട്ടിയില്ല. എന്തായാലും കറുത്തകുപ്പായം ധരിച്ചിരുന്നതുകൊണ്ട് അതും കൂടാതെ കയ്യിലുണ്ടായിരുന്ന ചെറിയ പെട്ടിയിൽസ്ലീബായുമുണ്ടായിരുന്നു. താമസിച്ച് പ്ലയിനിൽ കയറിയാൽ പെട്ടികൾ വൈകിയേ വരികയുള്ളൂ എന്ന ഒരു ഗുണപാഠംപഠിച്ചു. പിറ്റേദിവസം ആരാധനനടത്താൻ ചെന്നപ്പോൾ വികാരിയച്ചനോടെ ആരാധനനടത്താൻ മെത്രാച്ചൻ കല്പിച്ചു. ഡൈയബറ്റിക്കായ കൊച്ചച്ചൻ കാലത്ത് ഭക്ഷണംകഴിച്ച് ഇൻസുലിൻ എടുത്തതു കൂടാതെ തലേദിവസം ഭാര്യാഭത്തൃബന്ധത്തിലുമേപ്പെട്ടിരുന്നവിവരം മെത്രാച്ചനെധരിപ്പിച്ചപ്പോൾ ''താൻ എന്നോട് ഈ വിവരം ഇപ്പോൾ കുമ്പസാരിച്ചു പറഞ്ഞാൽമതി, തനിക്ക് പാപമോചനവും ആരാധനനടത്താനുള്ള അനുവാദവും തന്നുകൊള്ളാമെന്ന്'' മെത്രാച്ചൻ കല്പിച്ച് പ്രശ്നപരിഹാരം നൽകി. ഇദ്ദേഹത്തിനാണ് ജോസഫച്ചൻ മിടുമിടുക്കനെന്ന സ്ഥാനം നൽകിയത്.